## (7) വകുപ്പുകൾ വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സഭയിൽ സമർപ്പിക്കാത്തതു സംബന്ധിച്ച്

2018 മാർച്ച് മാസം 22-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പായി, ധനാഭ്യർത്ഥനകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട വകുപ്പുകൾ യഥാസമയം ലഭ്യമാക്കാത്തതിനാൽ വർഷങ്ങളോളം പെന്റിംഗ് ആകുകയും സമിതിയുടെ കാര്യക്ഷമതയെ ബാധിക്കുകയും ഇത് ഒഴിവാക്കുന്നതിനായി എല്ലാ വകുപ്പുകളും ആന്വൽ പെർഫോമൻസ് റിപ്പോർട്ട് സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് സഭാനടപടി ചട്ടം 236(6) അനുസരിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അത് പാലിക്കപ്പെടാത്തതുമൂലം സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കുന്നതിന് മെമ്പർമാർക്കുള്ള അവകാശം നിഷേധിക്കപ്പെടുക മാത്രമല്ല നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റി നിർവ്വഹിക്കുന്നതിൽ എക്സിക്യൂട്ടീവിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന പരാജയവുമാണ് കാണിക്കുന്നതെന്നും ഭരണഘടനാപരമായ ചട്ടങ്ങളുടെ ലംഘനങ്ങൾ ഒഴിവാക്കുന്നതിന് പീനൽ പ്രൊവിഷനുകൾ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടങ്ങൾ

ഭേദഗതി ചെയ്യണമെന്നും ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

ധനപരമായ കാര്യങ്ങളുടെ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി ഭരണഘടനയുടെ ആർട്ടിക്കിൾ 209 അനുസരിച്ച് 236(5), 236(6) എന്നീ വകുപ്പുകൾ നിയമസഭാ ചട്ടങ്ങളിൽ ചേർത്തിട്ടുള്ളതും നിബന്ധന പാലിക്കുന്നതിൽ സമയക്ലിപ്തത പാലിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയിട്ടുള്ളതും എല്ലാ വകുപ്പുകൾക്കും പാർലമെന്ററികാര്യ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതുമാണെങ്കിലും വീഴ്ച ആവർത്തിക്കുന്നതായി കാണുന്നുണ്ടെന്നും സമയക്ലിപ്തത പാലിക്കപ്പെടുന്നില്ല എന്ന ബഹുമാനപ്പെട്ട മെമ്പറുടെ പരാമർശം ഗൗരവമായി ഉൾക്കൊള്ളുകയാണെന്നും ആഡിറ്റിംഗിന് ശേഷം മാത്രമേ ചില വകുപ്പുകൾക്ക് അന്തിമ കണക്കുകൾ തയ്യാറാക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ കൃത്യ സമയത്ത് റിപ്പോർട്ട് നൽകാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിലും വകുപ്പുതലവന്മാർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണെന്നും വകുപ്പ് അദ്ധ്യക്ഷന്മാർ ശക്തമായ നിലപാട് സ്വീകരിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതാണെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

"ഓരോ വർഷത്തെയും ബഡ്ജറ്റ് വിഭജനത്തിലെ ചെലവുകൾ സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പുകൾ കാലപരിധിക്കുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നില്ലെന്നതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ക്രമപ്രശ്നം ഉന്നയിച്ചത്.

സാമ്പത്തിക വർഷം പൂർത്തീകരിച്ചുകഴിഞ്ഞാൽ നാല് മാസങ്ങൾക്കുള്ളിൽ വാർഷിക പ്രവർത്തന റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണെന്ന് നിയമസഭാ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള നടപടികൾ കാര്യക്ഷമമായി നടക്കുന്നില്ലെന്നാണ് മനസ്സിലാകുന്നത്. ഭാവിയിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുന്നതാണെന്ന് ബഹുമാനപ്പെട്ട

---

* XIV KLA X Session Vol. No. 171/No. 16 dated 22.03.2018

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഉറപ്പുനൽകിയിരുന്നതാണ്. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തതിനുള്ള കാരണം ബന്ധപ്പെട്ട മന്ത്രി സഭയെ അറിയിക്കണമെന്ന വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്ന ചട്ടങ്ങൾ സംബന്ധിച്ച സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടഭേദഗതികൾ അന്തിമഘട്ടത്തിലാണ്. ഇവിടെ ഉന്നയിക്കപ്പെട്ട പ്രകാരമുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ പാർലമെന്ററികാര്യ വകുപ്പിന്റെ നേതൃത്വത്തിൽ അടിയന്തരമായി സ്വീകരിക്കണമെന്നും ഇതുസംബന്ധിച്ച് വിശദവും വ്യക്തവുമായ ഒരു റിപ്പോർട്ട് പാർലമെന്ററികാര്യ വകുപ്പ് ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.”